# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 17 — 18.03.2013-ൽ മറുപടിക്ക്

**ചോദ്യം**

ശ്രീ. കെ. സുരേഷ് കുറുപ്പ്
ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. എളമരം കരീം
ശ്രീ. ബി. സത്യൻ

**ഉത്തരം**

ശ്രീ. ഉമ്മൻചാണ്ടി
ബഹു. മുഖ്യമന്ത്രി

### കേന്ദ്ര ബഡ്ജറ്റ് നിർദ്ദേശങ്ങൾ

| | | |
|---|---|---|
| (എ) | കേന്ദ്രബജറ്റ് നിർദ്ദേശങ്ങൾ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തെ ഏതെല്ലാം നിലയിൽ ബാധിക്കുമെന്ന് സർക്കാർ വിലയിരുത്തുകയുണ്ടായോ; നിരീക്ഷണങ്ങൾ വെളിപ്പെടുത്താമോ; | കേന്ദ്രബജറ്റ് നിർദ്ദേശങ്ങൾ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തെ ഏതൊക്കെ തരത്തിൽ ബാധിക്കുമെന്ന് വിലയിരുത്തിവരുന്നു. |
| (ബി) | ബജറ്റിനു മുന്നോടിയായി സംസ്ഥാനം മുന്നോട്ടുവച്ച എന്തെല്ലാം ആവശ്യങ്ങൾ ബജറ്റിൽ പരിഗണിക്കപ്പെടുകയുണ്ടായി; വിശദമാക്കാമോ; | അനുബന്ധമായി ചേർക്കുന്നു. |
| (സി) | കേരളത്തിന്റെ പ്രത്യേക സാമ്പത്തിക പാക്കേജ് എത്രമാത്രം പരിഗണിക്കപ്പെടുകയുണ്ടായി; | |
| (ഡി) | സംസ്ഥാനത്തെ വിലക്കയറ്റവും പണപ്പെരുപ്പവും തൊഴിലില്ലായ്മയും അതിരൂക്ഷമാക്കുന്നതാണ് ബജറ്റിലെ നിർദ്ദേശങ്ങൾ ഏറെയും എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സംസ്ഥാനത്തെ വിലക്കയറ്റവും പണപ്പെരുപ്പവും തൊഴിലില്ലായ്മയും അതിരൂക്ഷമാക്കുന്നതാണ് ബജറ്റിലെ നിർദ്ദേശങ്ങൾ എന്ന് കരുതുന്നില്ല. |
| (ഇ) | എങ്കിൽ കേരളത്തിന്റെ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനും ജനങ്ങൾക്ക് അടിയന്തിരാശ്വാസം നൽകാനും എന്തെല്ലാം നടപടിയാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്? | ബാധകമല്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

ബജറ്റിനു മുന്നോടിയായി സംസ്ഥാനം മുന്നോട്ടുവച്ച ആവശ്യങ്ങളിൽ മിക്കവയും കേന്ദ്രബജറ്റിൽ പരിഗണിക്കപ്പെടുകയുണ്ടായി. ആയതിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.

തെങ്ങിൻെറ പുനർ കൃഷിയും തെങ്ങുംതോട്ടങ്ങളുടെ പുനരുദ്ധാരണ പദ്ധതിയും കേരള സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുവാൻ 75 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ചരക്ക് - സേവന നികുതി സമ്പ്രദായം നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് മറ്റു സംസ്ഥാനങ്ങളോടൊപ്പം കേരളവും ആവശ്യപ്പെട്ടതനുസരിച്ച് GST നടപ്പിലാക്കുന്നതിനു മുന്നോടിയായിട്ടുള്ള ഭരണഘടനാ ഭേദഗതിയും കേന്ദ്ര വില്പന നികുതിയിലുണ്ടായിട്ടുള്ള വരുമാന നഷ്ടം പരിഹരിക്കുന്നതിനുള്ള പദ്ധതിയും എത്രയുംപെട്ടെന്ന് തുടങ്ങി വയ്ക്കുന്നതായിരിക്കും എന്ന് ഉറപ്പുനൽകിയിട്ടുണ്ട്.

ആരോഗ്യ സംരക്ഷണ മേഖലയിൽ കേരളത്തിൻെറ സ്വന്തമായ ആയുർവേദത്തിന് പ്രാധാന്യം കൊടുക്കണമെന്ന് ആവശ്യം പരിഗണിച്ച് ആയുർവേദത്തെ ദേശീയ ആരോഗ്യമിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

കേന്ദ്ര സഹായ പദ്ധതികൾ നടപ്പിലാക്കി എടുക്കുവാൻ നിലവിലുള്ള മാനദണ്ഡങ്ങളിൽ മാറ്റങ്ങൾ വരുത്തണമെന്ന ആവശ്യത്തിന്മേൽ പ്രസ്തുത കേന്ദ്ര ധനസഹായ പദ്ധതികളുടെ നടത്തിപ്പിൽ ആവശ്യമായ പുനക്രമീകരണങ്ങൾ നടത്തുമെന്ന് ഉറപ്പു നൽകിയിട്ടുണ്ട്.

കേരളത്തിലെ ഇടുക്കിയിലും കുട്ടനാട്ടിലും അത്യുല്പാദന ശേഷിയുള്ള കന്നുകാലി വളർത്തലിനും, കാലിതീറ്റയ്ക്കുമായി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

1986-ൽ നിലവിൽ വന്ന മഹിളാസമാഖ്യ പ്രോഗ്രാം അനുസരിച്ച് ഗ്രാമപ്രദേശങ്ങളിൽ സ്ത്രീ ജനങ്ങളുടെ വിദ്യാഭ്യാസത്തിനും സ്ത്രീ

ശാക്തീകരണത്തിനും വേണ്ടി കേരള സംസ്ഥാനത്തിനുംകൂടി പ്രയോജനം വരുന്ന രീതിയിൽ രണ്ട് കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ലോകബാങ്കിൻെറ ധനസഹായത്തോടുകൂടി കേരളം, മദ്ധ്യപ്രദേശ്, ഒറീസ്സ, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലെ 223 ഡാമുകൾ പുനർ നിർമ്മാണത്തിനും നവീകരണത്തിനുമായി 2013–14 സാമ്പത്തിക വർഷത്തേയ്ക്ക് മാത്രം 28.88 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

കൊച്ചി മെട്രോ പദ്ധതിയ്ക്ക് വേണ്ടി വിവിധയിനങ്ങളിലായി 130 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ഇതിനുപുറമേ കാർഷിക മേഖലയിൽ കൂടുതൽ ഫണ്ട് അനുവദിക്കലും ചെറുകിട വ്യവസായ മേഖലയിൽ കൂടുതൽ പ്രോത്സാഹനങ്ങളും സമാന്തര ഊർജ്ജ മേഖലയിൽ കൂടുതൽ കേന്ദ്ര ധനസഹായം, മാലിന്യ നിർമ്മാർജ്ജനത്തിന് പ്രത്യേക ധനസഹായ പദ്ധതി, മുതിർന്ന പൗരന്മാർക്ക് പ്രത്യേക ആരോഗ്യ സംരക്ഷണ പദ്ധതി, ഗ്രാമീണ ആരോഗ്യ മേഖലയിൽ കൂടുതൽ ധനസഹായം, ശാസ്ത്ര സാങ്കേതിക മേഖലയിൽ കൂടുതൽ ധനസഹായം, SSA/MDM വിദ്യാഭ്യാസ പദ്ധതികൾക്ക് കൂടുതൽ ധനസഹായം, വനിത നിർഭയ ഫണ്ടിൽ 1000 കോടി രൂപ, നൈപുണ്യ വികസനത്തിന് യുവാക്കൾക്ക് 1000 കോടി രൂപ, ദരിദ്രമേഖലയ്ക്ക് നേരിട്ട് ആനുകൂല്യങ്ങൾ എന്നിങ്ങനെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളും കേരളത്തിന് പ്രയോജനപ്രദമാണ്.

സെക്ഷൻ ഓഫീസർ